പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4656 | 18.5.2017 -ൽ മറുപടിയ്ക്ക്

## കേരളത്തിന്റെ ടൂറിസം സാധ്യത

| ചോദ്യം<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം. വിൻസെന്റ്<br>ശ്രീ.എ.പി. അനിൽ കുമാർ : | | മറുപടി<br>ശ്രീ. കടകംപളളി സുരേന്ദ്രൻ, ( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി). | |
|---|---|---|---|
| എ) | ടൂറിസം രംഗത്ത് ശ്രീലങ്കക്കുണ്ടായ കുതിപ്പ് സംസ്ഥാന ടൂറിസം മേഖലയെ ബാധിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ; | എ) | പ്രസ്തുത വിഷയം സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ അയൽ ദേശ ടൂറിസം കേന്ദ്രങ്ങളിൽ നിന്നുള്ള കടുത്ത മത്സരം കേരളത്തിലെ ടൂറിസത്തെ ബാധിക്കുമെന്ന് വിലയിരുത്തുന്നു. |
| ബി) | കുമരകത്ത് എത്തുന്ന വിദേശടൂറിസ്റ്റുകളുടെ എണ്ണത്തിൽ 2016-ൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | ബി) | 2016-ൽ കുമരകത്ത് വന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 39274 ആണ്. 2015-ൽ ഇത് 43363 ആയിരുന്നു. വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 9.42% കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കുറവിന്റെ കാരണങ്ങളെ കുറിച്ചുള്ള പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| സി) | ദുബായിൽ നടത്തിയ അറേബ്യൻ ട്രാവൽ മാർട്ടിൽ കേരളത്തിന്റെ ടൂറിസം സാധ്യത സംബന്ധിച്ച് വിദേശികൾക്ക് അറിവ് നൽകുന്നതിന് പ്രവർത്തനങ്ങൾ നടത്തിയിരുന്നോ; എങ്കിൽ അതിൽ നിന്നുണ്ടായ നേട്ടം വെളിപ്പെടുത്തുമോ ? | സി) | ദുബായിൽ നടത്തിയ അറേബ്യൻ ട്രാവൽ മാർട്ടിൽ കേരളത്തിന്റെ ടൂറിസം സാധ്യത സംബന്ധിച്ച് വിദേശികൾക്ക് അറിവ് നൽകുന്നതിനുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിന്റെ ഫലമായി കേരളത്തിലെത്തുന്ന മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിന്നുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2015-നെ അപേക്ഷിച്ച് 2016 വർഷത്തിൽ 86.09 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ